ഉത്തരം

(എ) കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള കെ.എസ്.ഇ.ഡി.സി.-യിലും അനുബന്ധ കമ്പനികളിലുമായി 2,601 പേർ ജോലി ചെയ്യുന്നുണ്ട്.

കരകുളം, കുളത്തൂർ, അരൂർ, മുടാടി എന്നിവിടങ്ങളിൽ കെ.എസ്.ഇ.ഡി.സി.-യുടെ നേരിട്ടുള്ള ഉല്പാദന കേന്ദ്രങ്ങളും കണ്ണൂർ, കുറ്റിപ്പുറം, ശ്രീകാര്യം എന്നിവിടങ്ങളിൽ സബ്സിഡിയറികളുടെ ഉല്പാദന കേന്ദ്രങ്ങളും ഉണ്ട്.

(ബി) ഉണ്ട്. കെൽട്രോൺ കൗണ്ടേഴ്സിന്റെ ട്രേഡ് സെയിലിനായി പരസ്യം ചെയ്തിട്ടുണ്ട്.

അടച്ചുപൂട്ടിയ കെൽട്രോൺ സ്ഥാപനങ്ങൾ

129 [2605] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെൽട്രോണിന്റെ ഏതൊക്കെ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ യൂണിറ്റുകൾ പൂട്ടിയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് നടപ്പിലാക്കിയ സ്കീം എന്താണെന്ന് വിശദമാക്കുമോ;

(ഇ) എംപ്ലോയീസ് സെപ്പറേഷൻ സ്കീം എന്ന പദ്ധതിയാണോ കെൽട്രോൺ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(എഫ്) എംപ്ലോയീസ് സെപ്പറേഷൻ സ്കീം നടപ്പിലാക്കിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അവരുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിതരണം ചെയ്ത സംഖ്യ എത്ര;

(ജി) കെൽട്രോൺ യൂണിറ്റുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കെൽട്രോണിന്റെ ഉല്പാദന യൂണിറ്റുകളായ:—

1. കെൽട്രോൺ എക്യൂപ്മെന്റ് കോംപ്ലക്സ്, കരകുളം
2. കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സ്, മൺവിള, കുളത്തൂർ
3. കെൽട്രോൺ കൺട്രോൾസ്, അരൂർ
4. ട്രാൻസ്മിഷൻ എക്യൂപ്മെന്റ് യൂണിറ്റ്, മുടാടി
5. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, കണ്ണൂർ
6. കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

7. കെൽട്രോൺ മാഗ്നറ്റിക് ലിമിറ്റഡ്, കണ്ണൂർ
8. കെൽട്രോൺ റെസിസ്റ്റേഴ്സ് ലിമിറ്റഡ്, കണ്ണൂർ
9. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, കുറ്റിപ്പുറം
10. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, ശ്രീകാര്യം

എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(ബി) കെൽട്രോൺ പ്രോജക്ടേഴ്സ്, പേരൂർക്കട, കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്, തൃശ്ശൂർ, എന്നീ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) സഞ്ചിതനഷ്ടം, ഓഹരി മൂലധനത്തെക്കാൾ അധികരിച്ചതിനാലും പുനരുദ്ധാരണ പദ്ധതി അപ്രായോഗികമാണെന്നു കണ്ടതിനാലും ബി.ഐ.എഫ്.ആറിന്റെ പരിധിയിലുള്ള കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ് അടച്ചുപൂട്ടുവാൻ ഉത്തരവായിട്ടുണ്ട്.

ആധുനിക പ്രൊജക്ടറുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ സ്വായത്തമാക്കാൻ സാധിക്കാത്തതിനാലും നഷ്ടാധിക്യം മൂലവും ആസ്തികളൊന്നുമില്ലാത്ത കെൽട്രോൺ പ്രൊജക്ടേഴ്സ് അടച്ചുപൂട്ടേണ്ടിവന്നു.

(ഡി, ഇ) കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികളെ എംപ്ലോയീസ് സെപ്പറേഷൻ സ്കീം അനുസരിച്ചാണ് പിരിച്ചുവിട്ടത്. സേവനം പൂർത്തിയാക്കിയ ഓരോ വർഷത്തിനും 45 ദിവസത്തെ വേതനമോ, പൂർത്തീകരിക്കേണ്ട ബാക്കി വർഷത്തിന്റെ വേതനമോ ഇതിൽ ചെറിയ തുക ഏതാണോ ആ തുക തൊഴിലാളികൾക്ക് ഇ.എസ്.എസ്. ആനുകൂല്യമായി നൽകുന്നു.

(എഫ്) കെൽട്രോൺ കൗണ്ടേഴ്സിൽനിന്നും ഇ.എസ്.എസ്. പ്രകാരം പിരിഞ്ഞുപോയ 138 ജീവനക്കാർക്ക് 686.75 ലക്ഷം രൂപ നൽകുവാൻ ഉത്തരവായിട്ടുണ്ട്.

(ജി) ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ കടബാദ്ധ്യത ഒറ്റ തവണ തീർപ്പാക്കൽ വഴി നൽകുകയുണ്ടായി. പിയർലെസ്സ് ജനറൽ ഫിനാൻസ് കമ്പനിയുടെ ബാദ്ധ്യത തവണകളായി നൽകിവരുന്നു. കമ്പനികളുടെ പുനഃസംഘടനയെക്കുറിച്ച് ഇ.ആർ.സി. പഠനം നടത്തിവരുന്നു.

സ്വർണ്ണാഭരണങ്ങളിലെ മായം കണ്ടുപിടിക്കാൻ യന്ത്രം

130 [2606] ശ്രീ. ടി. എച്ച്. മുസ്തഫ:
,, വി. ബാലറാം:
,, ടി. വി. ചന്ദ്രൻ:
,, പി. ടി. തോമസ്:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണാഭരണങ്ങളിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുവാൻ പറ്റിയ ഒരു യന്ത്രം കെൽട്രോൺ കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) ഈ യന്ത്രം വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly